**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 556** **30-01-2024 - ൽ മറുപടിയ്ക്ക്**

**ഇന്ധന സെസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഉമ തോമസ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് 2022-23 സാമ്പത്തിക വർഷവും 2023 - 24 ( ഡിസംബർ 31 വരെ) സാമ്പത്തിക വർഷവും ഇന്ധന സെസ്സ് ബാധകമാവുന്ന എത്ര ലിറ്റർ പെട്രോൾ, ഡീസൽ വിൽപന നടന്നു; 2023 - 24 സാമ്പത്തിക വർഷം ഡിസംബർ 31 വരെ 2 രൂപാ ഇന്ധന സെസ്സിലൂടെ എത്ര രൂപയാണ് ലഭിച്ചത്; പെട്രോളിനും ഡീസലിനും ലഭിച്ചത് പ്രത്യേകം പ്രത്യേകം പ്രതിമാസ കണക്കുകളായി ലഭ്യമാക്കാമോ; | (എ) | എറണാകുളം ജില്ലയിൽ നിന്നും ലഭ്യമാക്കിയിട്ടുള്ള ഓയിൽ കമ്പനികളുടെ കണക്കുകൾ പ്രകാരം 2022-23 സാമ്പത്തിക വർഷവും 2023-24 (ഡിസംബർ 31 വരെ) സാമ്പത്തിക വർഷവും പെട്രോൾ, ഡീസൽ ഉപഭോഗം (അഡീഷണൽ വിൽപന നികുതി അടിസ്ഥാനമായി കണക്കാക്കിയുള്ള) സൂചക കണക്കുകൾ അനുബന്ധമായി (അനുബന്ധം-1) ചേർക്കുന്നു.<br><br>2023-ലെ കേരള ധനകാര്യ നിയമപ്രകാരം ചുമത്തപ്പെട്ട ഇന്ധന സെസ്സിലൂടെ (2 രൂപ/ലിറ്റർ), 2023-24 സാമ്പത്തിക വർഷം (2023 ഡിസംബർ 31 വരെ) 685.79 കോടി രൂപയാണ് ലഭിച്ചത് (provisional). ഈ ഇനത്തിൽ പ്രതിമാസം ലഭിച്ചിട്ടുള്ള തുകയുടെ വിവരങ്ങൾ അനുബന്ധമായി (അനുബന്ധം-2) ചേർക്കുന്നു. |
| (ബി) | 2022-23 സാമ്പത്തിക വർഷത്തിൽ സമാന കാലയളവിൽ ഇന്ധന സെസ്സ് ബാധകമായിരുന്നെങ്കിൽ പ്രതിമാസം കിട്ടേണ്ട പെട്രോൾ, ഡീസൽ എന്നിവയുടെ തുക വെവ്വേറെ ലഭ്യമാക്കാമോ? | (ബി) | 2022-23 സാമ്പത്തിക വർഷം ഇന്ധന സെസ്സ് ബാധകമായിരുന്നെങ്കിൽ സമാന കാലയളവിൽ പ്രതിമാസം സെസ്സ് ഇനത്തിൽ കിട്ടേണ്ട തുക, കേരള പൊതു വിൽപന നികുതി നിയമത്തിലെ സെക്ഷൻ 5ഡി പ്രകാരം ചുമത്തപ്പെടുന്ന അഡീഷണൽ വില്പന നികുതി അടിസ്ഥാനമായി കണക്കാക്കിയുള്ള സൂചക കണക്കുകൾ മാത്രമാണ്. ആയതിന്റെ സൂചക കണക്കുകൾ അനുബന്ധമായി(അനുബന്ധം-3) ചേർക്കുന്നു.<br><br>2022-23 സാമ്പത്തിക വർഷത്തിൽ പെട്രോളിയം ഉൽപന്നങ്ങളിൽ (ഫിനാൻസ് ആക്ട്-2008 പ്രകാരം) ചുമത്തിയ സെസ്സ് പ്രകാരം 114.71 കോടി (Provisional) രൂപയാണ് ലഭിച്ചത്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം-1

2022-23 സാമ്പത്തിക വർഷവും 2023-24 (ഡിസംബർ 31 വരെ) സാമ്പത്തിക വർഷവും പെട്രോൾ, ഡീസൽ ഉപഭോഗം (അഡീഷണൽ വിൽപന നികുതി അടിസ്ഥാനമായി കണക്കാക്കിയുള്ള) സൂചക കണക്കുകൾ

| സാമ്പത്തിക വർഷം | പെട്രോൾ ഉപഭോഗം (കിലോ ലിറ്റർ) | ഡീസൽ ഉപഭോഗം (കിലോ ലിറ്റർ) |
|---|---|---|
| 2022-23 | 2435400 | 2933000 |
| 2023-24 (ഡിസംബർ 31 വരെ) | 1855200 | 2052400 |

## അനുബന്ധം-2

ഇന്ധന സെസ്സിലൂടെ പ്രതിമാസം ലഭിച്ചിട്ടുള്ള തുകയുടെ വിവരങ്ങൾ

| 2023-24 (സാമ്പത്തിക വർഷം) | ഇന്ധന സെസ്സ് (കോടിയിൽ) Provisional |
|---|---|
| ഏപ്രിൽ | ഇല്ല |
| മെയ് | 80.80 |
| ജൂൺ | 95.60 |
| ജൂലൈ | 84.16 |
| ആഗസ്റ്റ് | 79.53 |
| സെപ്റ്റംബർ | 91.80 |
| ഒക്ടോബർ | 83.94 |
| നവംബർ | 84.95 |
| ഡിസംബർ | 85.01 |
| **ആകെ** | **685.79** |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം – 3

| 2022–23<br>(സാമ്പത്തിക വർഷം) | ഇന്ധന സെസ്സ്*<br>(കോടിയിൽ) |
|---|---:|
| ഏപ്രിൽ | ഇല്ല |
| മെയ് | 89.64 |
| ജൂൺ | 90.62 |
| ജൂലൈ | 86.66 |
| ആഗസ്റ്റ് | 83.36 |
| സെപ്റ്റംബർ | 89.88 |
| ഒക്ടോബർ | 87.32 |
| നവംബർ | 90.06 |
| ഡിസംബർ | 90.02 |
| **ആകെ** | **707.56** |

*സൂചക കണക്കുകൾ

**സെക്ഷൻ ഓഫീസർ**